## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4377 | 13.11.2019-ൽ മറുപടിക്ക്

## ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.കെ.ബഷീർ :** | | എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽ ഭൂരഹിതരുടെയും ഭവന രഹിതരുടെയും വിവരം ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ ജില്ലതിരിച്ച് വിശദാംശം നൽകുമോ; | എ) | വിവരം ശേഖരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് 2018 ൽ നടത്തിയ സർവ്വേ പ്രകാരം സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗങ്ങളിൽ 10944 ഭൂരഹിതരും, സ്വന്തമായി ഭൂമി ഉള്ളതിൽ ഭവനരഹിതരായുള്ളവർ 9143 ആണ്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധം - 1 ആയി ചേർക്കുന്നു.<br><br>ലൈഫ് മിഷന്റെ കണക്കുകൾ പ്രകാരം സംസ്ഥാനത്തെ പട്ടികജാതി വിഭാഗത്തിൽ 54553 ഭൂരഹിതരും 20948 ഭവനരഹിതരുമാണുള്ളത്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധം - 2 ആയി ചേർക്കുന്നു. |
| ബി) | ഏറനാട് മണ്ഡലത്തിൽ ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി-പട്ടിക വർഗ്ഗ വിഭാഗത്തിൽ എത്ര കുടുംബങ്ങൾ ഉണ്ട്; അവരിൽ ആർക്കെല്ലാമാണ് ഭൂമിയും വീടും നൽകിയിട്ടുള്ളത് വെളിപ്പെടുത്തുമോ; | ബി) | ഏറനാട് മണ്ഡലത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 89 ഭൂരഹിതരും, 247 ഭവന രഹിതരുമാണുള്ളത്. ഭവനരഹിതർക്ക് ലൈഫ് മിഷൻ പദ്ധതി മുഖേനയാണ് ഭവനം അനുവദിക്കുന്നത്. ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് വകുപ്പിന്റെ ഭൂമി വാങ്ങി നൽകൽ പദ്ധതി മുഖേനയും, നിക്ഷിപ്ത വനഭൂമിയിൽ പട്ടികവർഗ്ഗക്കാർക്ക് പതിച്ച് നൽകാൻ സുപ്രീംകോടതി ഉത്തരവുള്ള ഭൂമി റവന്യൂ വകുപ്പിന് കൈമാറി ആയത് പട്ടികവർഗ്ഗക്കാർക്ക് പതിച്ചു നൽകുന്ന പദ്ധതിയും മുഖേന അർഹരായവർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br><br>നിലവിൽ ലൈഫ് മിഷന്റെ കണക്കു പ്രകാരം 125 പട്ടികജാതി കുടുംബങ്ങളാണ് ഏറനാട് മണ്ഡലത്തിൽ ഭൂരഹിതരും ഭവനരഹിതരുമായിട്ടുള്ളത്. ഇതിൽ 14 പേർക്ക് ഈ സാമ്പത്തിക വർഷം ധനസഹായം അനുവദിച്ചു. 20 പേർക്ക് ധനസഹായം അനുവദിക്കുന്ന തിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| സി) | ഇല്ലെങ്കിൽ പ്രസ്തുത വിഭാഗങ്ങൾക്ക് ഭൂമിയും വീടും ലഭ്യമാക്കുന്നതിന് പുതിയ പദ്ധതികൾ എന്തെങ്കിലും സർക്കാരിന്റെ പരിഗണന യിലുണ്ടോ; വിശദമാക്കുമോ? | സി) | ഭൂരഹിത പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതി മുഖേനയും നിക്ഷിപ്ത വനഭൂമി വിതരണം ചെയ്യുന്നതിലൂടെയും ഭൂരാഹിത്യം പരിഹരിക്കുന്നതിനും ഭൂമി നൽകുന്നവർക്ക് ഭവന നിർമ്മാണ ധനസഹായം ലൈഫ് മിഷൻ പദ്ധതി പ്രകാരമോ ആദിവാസി |

| | | | |
|---|---|---|---|
| | | | പുനരധിവാസ വികസന മിഷൻ പദ്ധതിയുടെ ഭാഗമായോ നൽകുന്നതാണ്.<br><br>നിലവിൽ ലൈഫ് മിഷൻ പദ്ധതി പ്രകാരമാണ് സംസ്ഥാനത്തെ ഭവനരഹിതരായ പട്ടികജാതി കുടുംബത്തിന് ഭവനനിർമ്മാണത്തിന് ധനസഹായം നൽകുന്നത്. ലൈഫ് മിഷൻ ലിസ്റ്റിൽ ഉൾപ്പെട്ട ഭൂരഹിതർക്ക് വകുപ്പ് മുഖേന പഞ്ചായത്ത് പ്രദേശത്ത് 3.75 ലക്ഷം, മുൻസിപ്പൽ പ്രദേശത്ത് 4.50 ലക്ഷം. കോർപ്പറേഷൻ പ്രദേശത്ത് 6 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം - 1

| ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങൾ | | |
|---|---|---|
| **ക്രമ നം.** | **ജില്ല** | **ഭൂരഹിതരുടെ എണ്ണം** |
| 1 | തിരുവനന്തപുരം | 27 |
| 2 | കൊല്ലം | 37 |
| 3 | പത്തനംതിട്ട | 162 |
| 4 | ആലപ്പുഴ | 289 |
| 5 | കോട്ടയം | 114 |
| 6 | ഇടുക്കി | 108 |
| 7 | എറണാകുളം | 124 |
| 8 | തൃശ്ശൂർ | 44 |
| 9 | പാലക്കാട് | 633 |
| 10 | കോഴിക്കോട് | 117 |
| 11 | മലപ്പുറം | 564 |
| 12 | വയനാട് | 8051 |
| 13 | കണ്ണൂർ | 264 |
| 14 | കാസർഗോഡ് | 410 |
| | **ആകെ** | **10944** |

| സ്വന്തമായി ഭൂമിയുള്ള ഭവനരഹിതർ | | |
|---|---|---|
| **ക്രമ നം.** | **ജില്ല** | **സ്വന്തമായി ഭൂമിയുള്ളവരിൽ ഭവനരഹിതരുടെ എണ്ണം** |
| 1 | തിരുവനന്തപുരം | 293 |
| 2 | കൊല്ലം | 131 |
| 3 | പത്തനംതിട്ട | 52 |
| 4 | ആലപ്പുഴ | 91 |
| 5 | കോട്ടയം | 165 |
| 6 | ഇടുക്കി | 1284 |
| 7 | എറണാകുളം | 486 |
| 8 | തൃശ്ശൂർ | 23 |
| 9 | പാലക്കാട് | 25 |
| 10 | കോഴിക്കോട് | 134 |
| 11 | മലപ്പുറം | 525 |
| 12 | വയനാട് | 403 |
| 13 | കണ്ണൂർ | 977 |
| 14 | കാസർഗോഡ് | 4554 |
| | **ആകെ** | **9143** |

സെക്ഷൻ ഓഫീസർ

# അനുബന്ധം - 2

| ലൈഫ് മിഷൻ പ്രകാരമുള്ള ഭൂരഹിത പട്ടികജാതി കുടുംബങ്ങൾ | | |
|---|---|---|
| ക്രമ നം. | ജില്ല | ലൈഫ് മിഷൻ പ്രകാരമുള്ള ഭൂരഹിതരുടെ എണ്ണം |
| 1 | തിരുവനന്തപുരം | 9606 |
| 2 | കൊല്ലം | 7063 |
| 3 | പത്തനംതിട്ട | 1965 |
| 4 | ആലപ്പുഴ | 2662 |
| 5 | കോട്ടയം | 1915 |
| 6 | ഇടുക്കി | 8047 |
| 7 | എറണാകുളം | 4025 |
| 8 | തൃശ്ശൂർ | 7568 |
| 9 | പാലക്കാട് | 5261 |
| 10 | മലപ്പുറം | 3052 |
| 11 | കോഴിക്കോട് | 1618 |
| 12 | വയനാട് | 760 |
| 13 | കണ്ണൂർ | 512 |
| 14 | കാസർഗോഡ് | 505 |
| | **ആകെ** | **54553** |

| ലൈഫ് മിഷൻ പ്രകാരമുള്ള ഭവനരഹിതർ | | |
|---|---|---|
| ക്രമ നം. | ജില്ല | ലൈഫ് മിഷൻ പ്രകാരമുള്ള ഭവനരഹിതരുടെ എണ്ണം |
| 1 | തിരുവനന്തപുരം | 3391 |
| 2 | കൊല്ലം | 2898 |
| 3 | പത്തനംതിട്ട | 775 |
| 4 | ആലപ്പുഴ | 1512 |
| 5 | കോട്ടയം | 759 |
| 6 | ഇടുക്കി | 3236 |
| 7 | എറണാകുളം | 1182 |
| 8 | തൃശ്ശൂർ | 1695 |
| 9 | പാലക്കാട് | 2270 |
| 10 | മലപ്പുറം | 1262 |
| 11 | കോഴിക്കോട് | 1078 |
| 12 | വയനാട് | 498 |
| 13 | കണ്ണൂർ | 144 |
| 14 | കാസർഗോഡ് | 248 |
| | **ആകെ** | **20948** |

സെക്ഷൻ ഓഫീസർ